പുറം ബണ്ട് നിർമ്മാണം

103 (2736) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മാണത്തിന് കൃഷിവകുപ്പ് ധനസഹായം നൽകുന്നുണ്ടോ ; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(ബി) പുറം ബണ്ട് നിർമ്മാണത്തിന് കൃഷിവകുപ്പ് നൽകുന്ന ധനസഹായം എത്രയാണെന്ന് അറിയിക്കാമോ ; ഇതു സംബന്ധിച്ച് പുതുക്കിയ മാനദണ്ഡം നിലവിലുണ്ടോ ;

(സി) കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ പുതുക്കിയ നിരക്കുകൾ എത്രയാണെന്ന് അറിയിക്കാമോ ; ഇതിൽ സംസ്ഥാന സർക്കാർ വഹിക്കുന്ന തുക കേന്ദ്ര ഗവൺമെന്റ് വഹിക്കുന്ന തുക ഇവ എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (കുട്ടനാട് പാക്കേജ്) പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം നടത്തുന്നതിനായി 2014-15 വർഷം ധനസഹായം നല്കിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം ജലസേചനവകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. എന്നിരുന്നാലും കൃഷിവകുപ്പ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം പുറംബണ്ട് നിർമ്മാണത്തിനായി ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി അനുമതി നൽകാറുണ്ട്.

(ബി) ഓരോ വർഷവും സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡം (സി.പി.ഡബ്ല്യു. ഡി. നിരക്ക്) അനുസരിച്ചാണ് ധനസഹായം നല്കിവരുന്നത്.

(സി) റവന്യൂ വകുപ്പിൽനിന്നും പുറപ്പെടുവിച്ച സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി, തീയതി 11-6-2012 പ്രകാരം 2012 ഏപ്രിൽ 1 മുതൽ പുനർ നിർണ്ണയിച്ച് ഉത്തരവായതു പ്രകാരമാണ് നഷ്ടപരിഹാരത്തുക നൽകിവന്നിരുന്നത്. എന്നാൽ 24-10-2013 മുതൽ സ.ഉ.(എംഎസ്) നമ്പർ 48/14/ഡി.എം.ഡി., തീയതി 24-01-2014 പ്രകാരമുള്ള നഷ്ടപരിഹാരത്തുക നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ഉദ്യാന വിളകൾ ഉൾപ്പെടെയുള്ള ഹ്രസ്വകാല കാർഷിക വിളകൾക്ക്

ഹെക്ടറിന് 4,500 രൂപ (മഴയെ ആശ്രയിച്ചുള്ള കൃഷിയിടങ്ങളിൽ) ഹെക്ടറിന് 9,000 രൂപ (ജലസേചനം ആശ്രയിച്ചുള്ള കൃഷിയിടങ്ങൾ)

2. ദീർഘകാല വിളകൾക്ക്

ഹെക്ടറിന് 12,000 രൂപ സ.ഉ.(എംഎസ്.) നമ്പർ 194/2015/ഡി. എം.ഡി., തീയതി 20-5-2015 പ്രകാരം 1-4-2015 മുതൽ നഷ്ടപരിഹാരത്തുക യഥാക്രമം ഹെക്ടറിന് 6,800 രൂപ, 13,500 രൂപ, 18,000 രൂപ നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സ.ഉ.(എംഎസ്.)നമ്പർ 239/12/ഡി.എം.ഡി., പ്രകാരമുള്ള നിരക്കിൽ തന്നെ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

കൃഷി ഓഫീസിന് കെട്ടിടം

104 (2737) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആവശ്യമായ തുക അനുവദിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കൃഷിഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വയാകയാൽ അവയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനാൽ വള്ളിക്കുന്നം കൃഷിഭവന് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കേണ്ടത് വള്ളിക്കുന്നം ഗ്രാമപഞ്ചായത്താണ്.

കൃഷിവകുപ്പ് വക ഭൂമി

105 (2738) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly